# NoticeBoard

## 2019-2020



Little KITEs

**St. Thomas Higher Secondary School**
**Poonthura, Thiruvananthapuram**

St. Thomas Higher Secondary School
Poonthura, Thiruvananthapuram

# Digital Magazine 2019-2020

ചരിത്രം ഒരിക്കലും തിരുത്തപ്പെടാനുള്ളതല്ല.

അത് രേഖപ്പെടുത്തപെട്ടവയാണ്.

കഴിഞ്ഞുപോയ കാലങ്ങളെ കുറിച്ച് നാളെയുടെ ലോകത്തിന്

പ്രദർശിപ്പിക്കുമ്പോഴാണ് അഭിമാനവും അമ്പരപ്പും പ്രകടമാകുന്നത്.

ആ താളുകൾ മറിച്ചു നോക്കുമ്പോൾ പ്രകാശമണിഞ്ഞ പൊൻകിരീടവുമായി

ശിരസ്സുയർത്തി....... എന്റെ പ്രിയ

കുഞ്ഞുങ്ങളേ...കലാലയജീവിതത്തിലെ നിറമണിഞ്ഞ ദിനങ്ങളെ

വളരെ ഭംഗിയാർന്ന വരികളിലൂടെയും വരകളിലൂടെയും

നിങ്ങൾ മുദ്രിതമാക്കി.......


വർണചിറകുള്ള പട്ടങ്ങളായ് നാളെയുടെ നിലവാനിൽ

പാറികളിക്കുവാൻ നിങ്ങൾക്കേവർക്കും കഴിയുമാറാകട്ടെ .....

ആശംസകളോടെ

സ്വന്തം അധ്യാപിക

# ദേശീയ ഗാനം



രചന: രവീന്ദ്രനാഥ് ടാഗോർ



ജന ഗണ മന അധിനായക ജയഹേ!
ഭാരത ഭാഗ്യ വിധാതാ!
പഞ്ചാബ, സിന്ധു, ഗുജറാത, മറാഠാ,
ദ്രാവിഡ, ഉത്കല, വംഗ!
വിന്ധ്യ, ഹിമാചല, യമുനാ, ഗംഗ,
ഉച്ഛല ജലധിതരംഗ!

തവ ശുഭനാമേ ജാഗേ!
തവ ശുഭ ആശിഷ മാഗേ!
ഗാഹേ തവ ജയ ഗാഥാ!
ജനഗണ മംഗളദായക ജയഹേ ഭാരത ഭാഗ്യവിധാതാ!
ജയഹേ! ജയഹേ! ജയഹേ! ജയ ജയ ജയ ജയഹേ!





# മാതൃസ്നേഹം

രഘു രാവിലെ സ്വർണ്ണസൂര്യനെ കണികണ്ടു കൊണ്ടു ഉണർന്നു. അമ്മ അതിരാവിലെ തന്നെ ഉണർന്നു. രഘു പായയിൽ നിന്ന് എഴുനേൽക്കുന്നതിന് മുമ്പു തന്നെ അമ്മ ചായ കൊണ്ടു വന്നു. അവൻ ചായ വാങ്ങി കുടിച്ചു കൊണ്ട് പെട്ടെന്ന് ചായയും കപ്പും തട്ടിയെറിഞ്ഞു കൊണ്ട് അമ്മയുടെ മുഖത്തേക്ക് നോക്കിക്കൊണ്ടു പറഞ്ഞു "ഈ ചായ കുടിക്കുന്നതിനേക്കാൾ ഭേദം കഞ്ഞിവെള്ളം കുടിച്ചു കിടക്കുന്നതാണ്". അമ്മയുടെ മനം നൊന്തു പോയി. അച്ഛനില്ലാത്ത കുട്ടിയായതുകൊണ്ടാണ് അമ്മ അവനെ ഒന്നും പറയാത്തത്. പിന്നെ അവൻ സ്കൂളിലേക്ക് പോകാൻ ഒരുങ്ങി അമ്മ അവൻെറ കയ്യിൽ ചോറ്റുപാത്രം ഏൽപ്പിച്ചു. അവൻ മുഖം വീർപ്പിച്ചു കൊണ്ട് അമ്മയോട് ചോദിച്ചു?. "ഇതിലെന്താണ് കഴിക്കാനുള്ളത്?" അമ്മ പറഞ്ഞു, "നിനക്കിഷ്ടപ്പെട്ടതാണ് ചമ്മന്തിയും, ഉരുളക്കിഴങ്ങും". ഉടനെ അവൻ ആ പാത്രം താഴെ വച്ചു കൊണ്ട് പറഞ്ഞു, "എനിക്ക് ഇഷ്ടപ്പെടാത്ത സാധനം മാത്രമേ നിങ്ങൾ ഉണ്ടാക്കൂ എന്നുണ്ടെങ്കിൽ എനിക്ക് കഴിക്കാൻ തരണ്ട". അമ്മ പറഞ്ഞിട്ടും കേൾക്കാതെ അവൻ സ്കൂളിലേക്ക് പോയി. എന്നാൽ അമ്മയ്ക്ക് സമാധാനമുണ്ടായില്ല കാരണം അവൻ ഒന്നും കഴിച്ചിട്ടില്ല. എന്നാൽ അവൻ അവന്റെ കയ്യിലുണ്ടായിരുന്ന കാശുപയോഗിച്ച് കാന്റിനിൽ നിന്ന് ഭക്ഷണം വാങ്ങി കഴിച്ചു. അമ്മ വേറെ ഭക്ഷണമുണ്ടാക്കി സ്കൂളിൽ കൊണ്ടു വന്നു കൊടുത്തപ്പോഴേക്കും അമ്മയറിഞ്ഞത് അവൻ കഴിച്ചുകഴിഞ്ഞു എന്നതാണ്. അമ്മയ്ക്ക് സമാധാനമായി. വർഷങ്ങൾ കഴിഞ്ഞു രഘുവിന്റെ വിവാഹം നടന്നു. അവന് ഒരു ജോലിയുമുണ്ടായിരുന്നു. ഒരു ദിവസം അവൻെറ ഭാര്യ സുമി അമ്മ കഴിക്കാൻ വിളിച്ചില്ലെന്നു പറഞ്ഞു വഴക്കുണ്ടാക്കി. രഘു സുമിയുമായി മറ്റൊരു വീട്ടിൽ താമസമായി. കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ അവൻ കാറോടിച്ചുകൊണ്ടിരിക്കെ ഒരു ഭികഷക്കാരൻ അതുവഴിവന്നു അവൻ രഘുവിന് പരിചയമുള്ളവനായിരുന്നു. അവന്റെ അവസ്ഥ ഇങ്ങനെയായതിന് കാരണം അവൻ തിരക്കി അയാൾ പറഞ്ഞു, "അമ്മയെ സ്നേഹിച്ചില്ലെങ്കിൽ വിജയമില്ലാ എന്റെ അമ്മയെ ഞാൻ വെറുത്തതുകൊണ്ടാണ് ഇന്നെനിക്കീ ഗതി വന്നത്".

പിന്നെ അവൻ അവിടുന്ന് പോയി പോകുന്ന വഴിയെല്ലാം രഘു അമ്മയെക്കുറിച്ച് ചിന്തിച്ചുകൊണ്ടേയിരുന്നു. പിന്നെ വീട്ടിൽ പോയി. അവൻ സുമിയേയും കൂട്ടി തന്റെ വീട്ടിലേക്ക് പോകാനൊരുങ്ങി. വഴിനീളെ അമ്മ അവന് ചെയ്ത കാര്യങ്ങളെല്ലാം ഓർത്തു കൊണ്ടേയിരുന്നു. അവർ വീട്ടിലെത്തി. നോക്കുമ്പോൾ വീട്ടിന് ചുറ്റും ആളുകൾ. അവൻ ഉള്ളിലേക്ക് പോയി നോക്കുമ്പോൾ കണ്ടത് അമ്മയുടെ മൃതദേഹമാണ്. അമ്മയെ വെറുത്തു ജീവിച്ച അവന് കിട്ടിയത് തൻെറ അമ്മയുടെ മൃതദേഹം മാത്രമായിരുന്നു.

കൂട്ടുകാരേ അമ്മ ദൈവമാണ് നമ്മുടെ പിറവി മുതൽ നമ്മെ കാത്തു പരിപാലിക്കുന്നത് നമ്മുടെ മാതാപിതാക്കൾ മാത്രമാണ് അവരെ ഒരിക്കലും വെറുക്കരുത്.

**ജോജിഷ ജോൺ**



ACTIVITIES

# SCIENCE AND ITS VARIOUS ASPECTS

| | | |
|---|---|---|
| → | ANATOMY | - The Science dealing with the structure of animals palnts and human body |
| → | AGRONOMY | - The Science of soil Management and production of field crops |
| → | ANEMOLOGY | - Science of wind |
| → | BOTANY | - The study of plants |
| → | BACTERIOLOGY | - The study of bacterial |
| → | CARDIOLOGY | - The Science dealS with heart functions and diseases |
| → | CETOLOGY | - The study off aquatic mammals espeically whales |
| → | CYTOLOGY | - The study of cells |
| → | DACTYLOGRAPHY | - The study of fingerprints |
| → | FMBRYOLOGY | - The study of development of embroys |
| → | GENETICS | - The study of heridity |
| → | HAEMATOLOGY | - The study of blood |
| → | HYPNOLOGY | - The study of Sleep |
| → | ICHTHYOLOGY | - The study of Fish |
| → | LITHOLOGY | - The study of Rocks |
| → | MYOLOGY | - The study of Muscles |
| → | NOSOLOGY | - The study of Classification of diseases |
| → | DACTYLOGRAPHY | - The study of fingerprints |
| → | FMBRYOLOGY | - The study of development of embroys |
| → | NUMISMATICS | - The study of coins and medals |
| → | ONCOLOGY | - The study of tumous |
| → | ORNITHOLOGY | - The study of Birds |
| → | PALEONETOLOGY | - The study of Fossils |
| → | PEDOLOGY | - The study of soil |
| → | PSYCHOLOGY | - The study of human and animal behavious |
| → | RADIOLOGY | - The study of X-ray and radioactivity |
| → | SEISMOLOGY | - The study of earthquakes |
| → | SELENOLOGY | - The study of Moon |
| → | THERAPEUTICS | - Science and art of healing |
| → | TOXICOLOGY | - The study of Poisons |
| → | VIROLOGY | - The study of Viruses |
| → | XYLOLOGY | - The study structure of wood |
| → | ZOOLOGY | - The study of animal life |

# കുഞ്ഞി കുരുവി

കുരുവി കുരുവി കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞില്ലേ
കൂട്ടിലിരിക്കും കുരിവിക്കുഞ്ഞിന്
കൂട്ടിനാരുണ്ട് ഒരു കൂട്ടിനാരുണ്ട്.
അന്തിവിരുന്നിനു രണ്ടു പരുന്തുകൾ
ഇന്നലെ വന്നു കൂട്ടിൽ
അങ്ങേക്കൊമ്പിൽ കൂടും വച്ചവരിങ്ങേ
ക്കൊമ്പിലിരുന്നു.
കുരുവിക്കുഞ്ഞിന് കോർത്തു കൊടുത്തു
കുന്നിക്കുരുമണിമാല
കുരുവിക്കുഞ്ഞിന് നെയ്തുകൊടുത്തു
കുഞ്ഞുടുപ്പിന് ശീല
പാതിരായ്ക്കാ പനം പരുന്തുകൾ
പല്ലുകടിച്ചതു കേട്ടപ്പോൾ
തള്ളക്കുരുവി കിടന്നു ചിലച്ചു
പല്ലുകടിയ്ക്കണതാരാണ്
കൊമ്പിലിരുന്നു പരുന്ത് പറഞ്ഞു
കൊട്ടടയ്ക്കാപ്പുളാണ്.
കിഴക്കുവെള്ളക്കാലുകൾ വീശി
കുരുവിക്കുഞ്ഞ് ചിലച്ചില്ല
കൂടും വിട്ട് പറന്നു പരുന്തുകൾ
കുരുവിക്കുഞ്ഞ് ചിലച്ചില്ല
ഈർക്കിലിയെല്ലും കുഞ്ഞിച്ചുണ്ടും
ബാക്കികിടന്നു കൂട്ടിൽ

**ആശിതാ ദാസ്**

# സ്നേഹം



സ്നേഹമെന്ന മൂന്നക്ഷരത്തി
ന് കടലിനേക്കാളേറെ ആഴമേറും
അച്ഛനുമമ്മയും സോദരങ്ങളും
ചേർന്നാലത് സ്നേഹം.
സഹപാഠികൾ തമ്മിൽ ഉള്ളം
പങ്കുവയ്ക്കുന്നതും
സ്നേഹം താൻ
മാനുഷർ തൻ നിലനിൽ
പ്പിന്നാധാരം സ്നേഹം താൻ
അഹങ്കാരത്തിൽ മതിമറന്ന്
ജീവിക്കും മാനുഷരെ
ഒന്നോർക്കുക നീ
ഈ കൊച്ചു ജീവിതത്തിൽ
പരസ്പരം പങ്ക് വച്ച്
സ്നേഹത്തിൽ ജീവിക്കൂ
നന്മ വിതച്ച് നന്മ കൊയ്യുക നീ
സ്നേഹിക്കാൻ, പങ്കുവയ്ക്കാൻ
പഠിപ്പിക്ക നിൻ പിൻ തലമുറയെ!

**ഷാരോൺ റിച്ചാർഡ്**



# അന്യമായി പോകുന്ന ജീവ മലയാളം

അച്ഛനും അമ്മയും പ്രണയിച്ച
ഭാഷ മലയാളം
കുമ്പിളിൽ കഞ്ഞി, വിശപ്പാറ്റുവാൻ
വാക്കു തന്ന മലയാളം
പെങ്ങളോടെല്ലാം പറഞ്ഞു തളിർക്കുവാൻ
വന്ന മലയാളം
ഉപ്പു കർപ്പൂരം ഉമിക്കരി ഉപ്പേരി
തൊട്ടു കാണിച്ച മലയാളം
പുള്ളുവൻ വീണ, പുല്ലാങ്കുഴൽ,
നന്തുണിച്ചൊല്ലു കേൾപ്പിച്ച മലയാളം.
പൊട്ടിക്കരഞ്ഞുകൊണ്ടോടി വീഴുന്നു
കഷ്ടകാലത്തിൻ കയത്തിൽ
രക്ഷിച്ചിടേണ്ട കൈ കല്ലെടുക്കുമ്പോൾ
ശിക്ഷിച്ചു തൃപ്തരാവുമ്പോൾ
ഓമനത്തിങ്കൾ കിടാവു ചോദിക്കുന്നു
ഓണ മലയാളത്തെ എന്തുചെയ്തു
ഓമൽ മലയാളത്തെ എന്തുചെയ്തു.

രമണി എൻ.
ടീച്ചർ



# Absolutely amazing Mathematics!



$$1 \times 8 + 1 = 9$$
$$12 \times 8 + 2 = 98$$
$$123 \times 8 + 3 = 987$$
$$1234 \times 8 + 4 = 9876$$
$$12345 \times 8 + 5 = 98765$$
$$123456 \times 8 + 6 = 987654$$
$$1234567 \times 8 + 7 = 9876543$$
$$12345678 \times 8 + 8 = 98765432$$
$$123456789 \times 8 + 9 = 987654321$$

$$9 \times 9 + 7 = 88$$
$$98 \times 9 + 6 = 888$$
$$987 \times 9 + 5 = 8888$$
$$9876 \times 9 + 4 = 88888$$
$$98765 \times 9 + 3 = 888888$$
$$987654 \times 9 + 2 = 8888888$$
$$9876543 \times 9 + 1 = 8888888$$
$$98765432 \times 9 + 0 = 8888888$$

**ഹർഷിത് ബിജു**

TOUR



# അമ്മ

വർഷങ്ങൾക്ക് ശേഷം ബഷീറിനു ലഭിച്ച ഒരു കത്ത് ആണ് അമ്മ എന്ന ചെറുകഥയ്ക്ക് ആധാരം. അതിലെ ആദ്യവാചകം "മകനേ ഞങ്ങൾക്കു നിന്നെ ഒന്നു കാണണം". വർഷങ്ങൾക്ക് മുമ്പ് വീടുവിട്ട് ഇറങ്ങി പലദേശങ്ങൾ സന്ദർശിച്ചു അറിഞ്ഞതും അറിയാത്തുമായ ജോലികൾ ചെയ്തു. ഇടയിൽ ജീവിതത്തിൽ ഒരുപാടുമാറ്റങ്ങൾ സംഭവിച്ചു. വീട്ടിൽ നിന്നും അമ്മയിൽ നിന്നും ഒരുപാട് അകന്നു. ഇപ്പോൾ അമ്മ തിരികെ വിളിക്കുകയാണ് ഒരു നോക്ക് കാണാൻ. അമ്മ എപ്പോഴും പറയും "ഞാൻ ദാഹിച്ചു മോഹിച്ചുണ്ടായ സന്താനമാണു നീ ബഷീറേ" ഈ കഥയിൽ പ്രതിപാദിച്ചിരിക്കുന്നത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമരകാലഘട്ടമാണ്. ബഷീർ സ്കൂളിൽ പഠിക്കുന്ന കാലത്താണ് വൈക്കം സത്യാഗ്രഹം നേതൃത്വം നൽകുന്നതിനായി ഗാന്ധിജി വൈക്കത്തെത്തി. അന്ന് ഗാന്ധിജിയെ ഒന്നു തൊടുവാനുള്ള ഭാഗ്യം ബഷീറിന് ഉണ്ടായി. "ഉമ്മ ഞാൻ ഗാന്ധിയെ തൊട്ടു" എന്ന് അമ്മയോട് പറഞ്ഞപ്പോൾ ഗാന്ധി ആരാണെന്നു പോലും അറിയാത്ത ബഷീറിന്റെ ഉമ്മ വായും പൊളിച്ച് ഇരുന്നു പോയി. ആ സമയത്ത് ബ്രട്ടീഷ് ഗവൺമെന്റ് ഉപ്പിനും കരം ചുമത്തിയപ്പോൾ ഗാന്ധിജി ഉപ്പു സത്യാഗ്രഹം ആരംഭിച്ചു. കേരളത്തിലും അത് വലിയ കോളിളക്കമുണ്ടാക്കി. കോഴിക്കോട് വച്ച് ഉപ്പു സത്യാഗ്രഹം നടന്നു. അതിൽ പങ്കെടുക്കാനായി ബഷീറും പുറപ്പെട്ടു. വീട്ടിൽ ആരോടും പറയാതെ വിദ്യാഭ്യാസം ഉപേക്ഷിച്ച് കോഴിക്കോട്ടേക്കുപോയി. സ്വന്തം അമ്മയുടെ കൈയിൽ നിന്ന് അവസാനമായി ഒരു ഗ്ലാസ് വെള്ളവും കുടിച്ച്, എങ്ങോട്ടാണെന്നുപോലും പറയാതെ ഒറ്റ പോക്ക്. മാതൃരാജ്യത്തിനു വേണ്ടി പെറ്റമ്മയെ ഉപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാനായി കോഴിക്കോട്ടെത്തി. ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കാൻ പോയ അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തു. ലോക്കപ്പിനുള്ളിലെ പീഡനത്തിനൊടുവിൽ അദ്ദേഹത്തെ മൂന്നു മാസത്തെ കഠിന തടവിനു കോടതി ശിക്ഷിച്ചു. ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങി. എങ്ങോട്ട് പോകണം എന്ന് അറിയാതെ ശങ്കിച്ചു നിന്ന അദ്ദേഹത്തെ സുഹൃത്ത് അച്യുതൻ വണ്ടി കയറ്റി നാട്ടിലേക്ക് അയച്ചു. വീട്ടിലേക്ക് ചെല്ലാനുള്ള നാണക്കേടും നിരാശയും കാരണം ബഷീർ ഒരു മാസത്തോളം എറണാകുളത്ത് തമാസിച്ചു. അവസാനം ഒരു ദിവസം രാത്രി ബോട്ടു മാർഗം വൈക്കത്തെത്തി. അവിടെ നിന്നു മൈലുകൾ നടന്നു തലയോലപ്പറമ്പിലെ സ്വന്തം വീട്ടിലേക്കും. സമയം ഏകദേശം മൂന്നു മണി കഴിഞ്ഞിരുന്നു. മുറ്റത്തു ചെന്നപ്പോൾ ആരാത്? എന്ന ചോദ്യത്തോടെ ഉമ്മ വിളക്കുകൊളുത്തി പുറത്തുവന്നു. എന്നിട്ടുചോദിച്ചു. "നീ വല്ലതും കഴിച്ചോ മകനേ?" ബഷീറിന് ഉത്തരം ഉണ്ടായിരുന്നില്ല. ഉമ്മ ചോറു വിളമ്പി. ബഷീർ കൗതുകത്തോടെ അമ്മയോട് ചോദിച്ചു. ഞാൻ ഇന്ന് വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു? നിസാരമായ ഒരു മറുപടി "ഓ ...... ചോറും കറിയും വച്ച് എല്ലാ നാളും ഞാൻ കാത്തിരിക്കും". ബഷീർ ചെല്ലാതിരുന്ന ഓരോ രാത്രിയിലും ഉമ്മ ചോറുമായി അദ്ദേഹത്തെ കാത്തിരുന്നു. ആ അമ്മ വിളിക്കുകയാണ്. വർഷങ്ങൾക്കു ശേഷം, മകനേ നിന്നെ ഞങ്ങൾക്ക് ഒന്നു കാണണം.

(അദ്ധ്യാപിക)

# അച്ഛനെ കാണാൻ കൊതിക്കുന്ന സ്നേഹം

സൂര്യൻ ഉദിച്ചു കഴിഞ്ഞു. മീര പിന്നെയും ഉറക്കത്തിൽ നിന്ന് ഉണർന്നിട്ടില്ല. ജനാല തുറന്നു കിടക്കുകയായിരുന്നു. അത് വഴി ഒരു ചെറിയ ഇളം കാറ്റ് മെല്ലെ മുറിയിലേക്ക് കടന്നുവന്നു. മീരയുടെ ഇളം കവിളുകളെ മെല്ലെ ഒന്ന് തഴുകി. ഒരു പക്ഷിത്തൂവൽ പോലെ അവൾ തന്റെ കണ്ണുകൾ മെല്ലെ തുറന്നു നോക്കുമ്പോൾ കാണാം അമ്മ ചായയുമായി നിൽക്കുന്നത്. അവൾ പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചു. അമ്മേ അച്ഛനെവിടെ? അച്ഛൻ ജോലിക്ക് പോയി എന്നതായിരുന്നു അമ്മയുടെ മറുപടി. എന്നാൽ അവളുടെ പുഞ്ചിരിമാറി. അമ്മേ ഞാൻ ഒരു ദിവസമെങ്കിലും ഉണരുമ്പോൾ നിങ്ങൾ രണ്ടു പേരെയും എനിക്ക് ഒന്നിച്ചു കാണാൻ കഴിയുകയില്ലേ? അങ്ങനെ അവൾ ദേഷ്യത്തോടെ പറഞ്ഞു കൊണ്ട് കട്ടിലിൽ നിന്ന് ഇറങ്ങി പോയി. അന്ന് ലീവായിരുന്നു. അത് കൊണ്ട് അവൾ അമ്പലത്തിൽ പോകാനായി ഒരുങ്ങി. അമ്മ അവളുടെ സങ്കടം മാറ്റാൻ പല രീതിയിൽ ശ്രമിച്ചു പക്ഷെ നടന്നില്ല മീര മുഖവും വീർപ്പിച്ചിരുന്നു. അമ്മ അവൾക്ക് ഐസ്ക്രീം വാങ്ങി കൊടുത്തു. എന്നാൽ അവൾ അത് കഴിച്ചില്ല. അവളുടെ മനസ്സിൽ അച്ഛനെക്കുറിച്ചുള്ള ചിന്ത വന്നു കൊണ്ടേയിരുന്നു. അവൾ ചിന്തിച്ചു അച്ഛന് എന്നെ ഇഷ്ടമില്ലേ? ഞാൻ എത്ര പറഞ്ഞിട്ടും അച്ഛൻ ഞാൻ കാണുന്നതിനു മുമ്പു തന്നെ വീട്ടിൽ നിന്ന് പോകുന്നു. ഞാൻ ഉറങ്ങിയ ശേഷം തിരിച്ചുവരും. എന്തിനാണച്ഛൻ ഇങ്ങനെ പെരുമാറുന്നത്. അങ്ങനെ അവൾ വീട്ടിലെത്തി. കൂട്ടുകാർ അവളെ കളിക്കാനായിക്കൂട്ടികൊണ്ടു പോയി. എന്നാൽ അവൾ കളിക്കാൻ അവരോട് കൂടിയില്ല. ഇരുട്ടിക്കഴിഞ്ഞിട്ടും ആ മരച്ചുവട്ടിൽ മാറിയിരിക്കുന്നുണ്ടായിരുന്നു. പിന്നെ ലക്ഷ്മി അവളെ വീട്ടിലേക്ക് പറഞ്ഞയച്ചു. അവളുടെ മനസ്സിൽ സങ്കടം വർധിച്ചു കൊണ്ടേയിരുന്നു. അവൾ ടി.വിയാണ് നോക്കി കൊണ്ടിരുന്നതെങ്കിലും അവളുടെ ചിന്ത ടിവിയിലോ കഥയിലോ കഥാപാത്രങ്ങളിലോ അല്ല. പിന്നെ അച്ഛൻ. അച്ഛൻ ഇന്നും ഞാൻ ഉറങ്ങിയാലേ വരു എന്നത് മാത്രമായിരുന്നു അവളുടെ ചിന്ത. അമ്മ ചോറെടുക്കട്ടെ എന്ന് ചോദിച്ചു. പക്ഷെ അവൾ വിസമ്മതിച്ചു. അമ്മയ്ക്ക് വീണ്ടും അവളെ ഓർത്ത് സങ്കടമായി. ഇവൾക്ക് മനസ്സിലാകുന്നില്ലല്ലോ. അച്ഛൻ അദ്ദേഹത്തിന് വേണ്ടിയല്ല നമുക്കുവേണ്ടിയാണ് ജോലിക്ക് പോകുന്നതെന്ന്. അമ്മയുടെ കണ്ണിൽ നിന്നും കണ്ണീർ തുളുമ്പി. അങ്ങനെയവൾ കുറേനേരം കാത്തു കാത്തിരുന്നു. പിന്നെ അവൾ വീട്ടുമുറ്റത്തെ വാതിൽക്കൽ പോയിരുന്നു ഓരോ വാഹനം വരുന്ന ശബ്ദം കേൾക്കുമ്പോഴും അവൾ കരുതും അത് അച്ഛൻ ആയിരിക്കും. പക്ഷെ അത് അച്ഛൻ അല്ല വേറെയാണ് എങ്കിൽ അവളുടെ മുഖം വാടും. എന്നാൽ അവൾ കുറച്ചുനേരം കഴിഞ്ഞ് അകത്തേക്കു കയറി പോന്നു. പിന്നെ അമ്മ അവൾക്ക് ഭക്ഷണം കൊണ്ടു വന്ന് കൊടുത്തു. എന്നാൽ അവൾ അത് കഴിക്കാതെ മാറ്റിവച്ചു. അങ്ങനെയിരിക്കെ മുറ്റത്തു നിൽക്കുന്ന ചെടികളെ നോക്കി. അപ്പോൾ അവൾക്ക് അവളുടെ അച്ഛനുമായി നട്ട് വെള്ളം ഒഴിച്ചതൊക്കെ ഓർമ്മയിൽ വന്നു അവളറിയാതെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ തറയിൽ വീണു. പിന്നെ ഒരു വാഹനത്തിന്റെ ശബ്ദം അവളുടെ കാതുകളിലേക്ക് കേട്ടു. ഇതും അച്ഛനായിരിക്കില്ല. പക്ഷെ അത് അച്ഛൻ തന്നെയായിരുന്നു. അവൾ അച്ഛനെക്കണ്ട് ഒന്ന് ചിരിച്ചുപോലുമില്ല പിന്നെയവർക്ക് മനസ്സിലായി മീര എന്തിനാണ് ഇങ്ങനെയിരിക്കുന്നതെന്ന്. അച്ഛൻ ഉള്ളിൽ വന്നു അവൾക്കുള്ള സമ്മാനപ്പൊതി കൊടുത്തു. പിന്നെ ആ ചോറെടുത്ത് അവൾക്ക് വാരി കൊടുത്തു. അവൾ കണ്ണീരോടെ കഴിച്ചു. അച്ഛൻ വാരികൊടുത്ത ആ ഒരു ഉരുള ചോറിന് ഉപ്പിന്റെ രസമുണ്ടായിരുന്നു.

അപ്പോഴാണ് അവൾ ഒരു കാര്യം ഓർത്തത് ഇതിന് അച്ഛന്റെ വിയർപ്പിന്റെ സ്വാദാണ്. ഇപ്പോൾ ഞാൻ മനസ്സിലാക്കി അച്ഛൻ എന്തിനാണ് ജോലിക്കു പോകുന്നതെന്ന് അച്ഛൻ അവൾക്ക് പറഞ്ഞ് മനസ്സിലാക്കി കൊടുത്തു. അപ്പോൾ അവൾക്ക് മനസ്സിലായി അച്ഛൻ സ്വന്തം ഇഷ്ടത്തിനല്ല ജോലിക്ക് പോകുന്നത്. മറിച്ച് താൻ പഠിച്ച് ഒരു ഉന്നത നിലയിൽ എത്തുവാൻ വേണ്ടിയാണ്, അച്ഛൻ ഇത്ര കഷ്ടപ്പെടുന്നത് എന്ന്. പിന്നെ ഒരിക്കലും അവൾ അച്ഛനെ കാണാത്തത് കൊണ്ട് ദുഃഖിതയായിരുന്നിട്ടേയില്ല. പിന്നെയവൾ മനസ്സിലാക്കി അച്ഛൻ ജോലിചെയ്ത് വിയർക്കുന്ന ഓരോ തുള്ളിയുടെയും വിയർപ്പാണ് ഞാൻ ഇന്നനുഭവിക്കുന്ന ഈ സുഖത്തിന് പിന്നിൽ എന്ന്.

രഞ്ജു സുരേഷ്

KADHA

# മുത്തശ്ശി





ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി
നമ്മുടെ സ്വന്തം മുത്തശ്ശി
അറിവിൻ തിരികളായിരമായിര
മലങ്കരിക്കും മുത്തശ്ശി
പൊഴിയൂർ മുത്തശ്ശി
ഒന്നരനൂറ്റാണ്ടമൃതം നൽകി
ആദ്യാക്ഷരവും അറിവുകളും
നിറയവ്വനമായ് നവചേതനയായ്
ഇന്നും നമ്മുടെ മുത്തശ്ശി
നമ്മുടെ സ്കൂളാം മുത്തശ്ശി
ആയിരമായിരം നറുതേൻമൊഴികൾ
പ്രതിധ്വനിക്കുന്നുണ്ടിവിടെ
അറിവിൻ നിറവുകൾ അലിവിനുറവകൾ
നമസ്കരിക്കുന്നുണ്ടിവിടെ
ഗുരുവന്ദനമായ് പുതിയൊരു ലോകം
പ്രണമിക്കുന്നുണ്ടിവിടെ
ഈ വിദ്യാലയ തിരുമുറ്റത്തേയ്ക്കണി
ചേർന്നീടാം കൂട്ടരേ
ഇവിടിൻ കീർത്തികൾ
ഒരുമിച്ചൊന്നായ് പാടീടാം
ഒരേ സ്വരത്തിൽ പാടീടാം

**അശ്വതി എ.എസ്**

# പ്രളയം

വാർത്തകളിൽ പ്രളയം
കണ്ണീരിന്റെ പ്രളയം
മഴദൈവങ്ങൾ കനിഞ്ഞ പ്രളയം
എങ്കിലും ദുഃഖം!
ഓർമ്മകൾ മറഞ്ഞു പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി പ്രളയത്തിൽ
ഒടുവിൽ വന്ന പത്രവാർത്തയിൽ
ഒരു കടലിരമ്പൽ!
വാർത്തയുടെ ഉള്ളിലിങ്ങനെ
''ഞാൻ കാത്തിരിക്കുകയാണ്
നി തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ''
പ്രളയം.... ! ഹൃദയത്തിലും വാർത്തയിലും!

**ശരണ്യ കെ.ആർ.**
**(പൂർവ്വ വിദ്യാർത്ഥി)**

# പരിസ്ഥിതി സ്നേഹി



അന്ന് ഒരു ഞായറാഴ്ച്ചയായിരുന്നു. അവർ രാവിലെ കുളിച്ച് ഒരുങ്ങി. ഭക്തയായി ക്ഷേത്രത്തിൽ പോയി തിരികെ വീട്ടിലേക്ക് വന്നു. ആഹാരം കഴിച്ചു കൊണ്ടിരിന്നപ്പോൾ ഓർത്ത്. തന്റെ പ്രിയ കൂട്ടുകാരൻ അരവിന്ദ് എന്തു കൊണ്ടാണ് സ്കൂളിൽ ഇത്രയും ദിവസമായി വരാത്തത്. എന്തു കൊണ്ടാണ് അവൻ വരാത്തത് എന്ന ചിന്തയായിരുന്നു അവന്റെ മനസ്സു മുഴുവൻ. അവൻ ആഹാരം കഴിച്ചതിൽ നിന്ന് എണിറ്റ് വേഗം അവന്റെ വീട്ടിലേയ്ക്ക് പാഞ്ഞു. അവന്റെ വീട്ടിന്റെ കോളിങ് ബെൽ അമർത്തി പിടിച്ചു ശബ്ദം കേട്ട ഉടൻ അടുക്കളെയിൽ നിന്ന് അരവിന്ദിന്റെ അമ്മ പതുക്കെ വന്ന് വാതിൽ തുറന്നു. തുറന്നപ്പോൾ അവൻ അരവിന്ദന്റെ അമ്മയോട് ചോദിച്ചു ആന്റി അരവിന്ദൻ എവിടെ. അമ്മ അരവിന്ദൻ കിടക്കുന്ന മുറി കാണിച്ചു. അവൻ നോക്കിയപ്പോൾ കട്ടിലിൽ കിടന്നു ഉറങ്ങുകയായിരുന്നു. ശരൺ അരവിന്ദനോട് ചോദിച്ചു. "എന്താ അരവിന്ദാ എന്താ നിനക്ക് പറ്റിയത് അവൻ പറഞ്ഞു എനിക്ക് ബിലേയും പ്ലാസ്റ്റിക് എരിക്കുന്നതിന്റേയും പുക മൂലം ശ്വാസംമുട്ടൽ കൂടുതലാവുകയും ശ്വാസം കിട്ടാതെ പോയതു മൂലമാണ് എനിക്ക് ഇത്രയും ദിവസവും സ്ക്കൂളിൽ വരാൻ പറ്റാത്തത്. ഈ പ്ലാസ്റ്റിക്കും പുകയും മൂലം ഞാനും ഈ അവസ്ഥയിൽ ആവുമോ? അവൻ രാത്രി ഉറങ്ങാൻ കിടന്നപ്പോഴും രാവിലെ എണീറ്റപ്പോഴും അവന്റെ മനസിൽ ഓടി കൊണ്ട് ഈ ഒരു കാര്യം മാത്രമാണ്. ഇതിനെതിരെ എന്തെങ്കിലും ചെയ്യണം എന്ന് അവൻ മനിസ്സിലുറപ്പിച്ചു. പിറ്റേന്ന് ഉള്ള യോഗത്തിൽ പ്രസംഗിക്കേണ്ട ചുമതല ശരൺനിനായിരുന്നു. അവൻ പ്രസംഗവിഷയം പരിസ്ഥിതിയും മലിനികരണത്തിനെയും കുറിച്ച് ആക്കുകയും, അതിനായി അവന്റെ വീട്ടുവളപ്പിളും മുറ്റത്തും അവൻ ചെടികൾ നടുകയും എല്ലാ ചെടികളയും പരിപാലിച്ചും പ്ലാസ്റ്റിക് വിമുക്ത സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുകയും ചെയ്തു.

**ദിവ്യ സൂസ**



## എന്റെ പൂന്തോട്ടം

എന്റെ നല്ല പൂന്തോട്ടം
പൂക്കളുള്ള പൂന്തോട്ടം
എന്റെ നല്ല പൂന്തോട്ടം
എന്റെ സ്വന്തം പൂന്തോട്ടം
തേനീച്ച വണ്ടുകൾ പാറിനടക്കും
തേൻ നുകർന്നൊരു പൂന്തോട്ടം
എന്റെ സ്വന്തം പൂന്തോട്ടം

**അൽഷ ഫാത്തിമ**

## കോർത്തിണക്കിയ പവിഴമാല



എന്നിൽ ഞാനറിയാതെ സംഗീത
ത്തിൽ വിരിയുന്ന പൂക്കളാണ് കവിത!
ഏഴു സപ്ത സ്വരങ്ങളാൽ
തീർത്ത സംഗീതത്തിൽ
വിരിഞ്ഞ പൂക്കൾ പോലുള്ള
കവിതകൾ മാറത്തണിയാ
നെനിക്കു കൊതി തോന്നും
സംഗീതമെന്ന മഹാവൃക്ഷത്തിൽ
നിന്നും പൊഴിയുന്ന ഇലകളാണ് കവിത.
ചിതറിയ മാല മുത്തുകൾ
പോലെ ചിതറിക്കിടക്കുകയാ
ണെന്നിലെ കവിത
അതു കോർത്തിണക്കി
ഒരിക്കൽ ഞാനൊരു
പവിഴമാല തീർക്കും.

**നിള എസ്. ആന്റണി**



# പ്രകൃതിയാകുന്ന അമ്മ



പച്ചയാം പ്രകൃതിയെ
കാണുന്ന നിന്നെ
ഞാൻ മുഴുകൺകളോടെ
കണ്ടാൽ കൊതി തീരില്ല
കേട്ടാൽ കൊതി തീരില്ല
പച്ചയാം നിന്റെ സൗന്ദര്യ
ത്തിൻെറ രഹസ്യമെന്താകിലും
പച്ചപ്പേ നിന്നെ
ഞാൻ നമിച്ചീടുന്നു
വെള്ളമായി വായുവായി
എന്റെയുള്ളിൽ തുടിക്കും
നിത്യനിദാനമേ
മയിലുകൾക്കു കാലുണ്ട്
പറവകൾക്കു ചിറകുമുണ്ട്
എനിക്ക് അമ്മയായി
പ്രകൃതിയുമുണ്ട്

**ധന്യ സി.**

# ദോശ

ദോശ നല്ല ദോശ
ചുട്ടെടുത്ത ദോശ
അരിമാവും ഉഴുന്നു മാവും
കലക്കിച്ചുട്ട ദോശ
ഭംഗിയുള്ള ദോശ
വട്ടമുള്ള ദോശ
അമ്മ തന്നു ദോശ
ഞാൻ കഴിച്ചു ദോശ

**ആന്റോ ജെ.**




# മഴ

മഴ ഇല്ലെങ്കിൽ വെള്ളമില്ല
വെള്ളമില്ലെങ്കിൽ നമ്മളില്ല
വെള്ളമാണ് ജീവന് ആധാരം
മഴ ദൈവം തരുന്നൊരു സമ്മാനം
മഴ വന്നാൽ നമുക്കാഹ്ലാദം
മഴയിൽ കളിക്കാൻ ഉത്സാഹം
മഴ ഭൂമിയെ സുന്ദരമാക്കുന്നു
മഴ ദൈവം തരുന്നൊരു സമ്മാനം.
മഴയില്ലെങ്കിൽ കൃഷിയില്ല
കൃഷിയില്ലെങ്കിൽ ആഹാരമില്ല
ആഹാരമില്ലെങ്കിൽ ജീവനില്ല
മഴ ദൈവം തരുന്നൊരു സമ്മാനം.

**ജെനീഷ കെ. ക്ലമെന്റ്**

# എന്റെ ചങ്ങാതി



അക്ഷരത്തിൽ മാലകോർത്ത പുസ്തകം
അക്ഷരത്തിൻ ഉടമയായ പുസ്തകം
പുസ്തകത്തിൽ എപ്പോഴും
കാണുന്ന കഥയും കവിതയും
പുസ്തകത്തിൻ പിൻഗാമിയായവ
പുസ്തകം തന്നെ അക്ഷരം
അക്ഷരത്തിൻ ചങ്ങാതിയാണ് പുസ്തകം
അറിവിന്റെ ലോകത്ത് പ്രധാനിയാണ് പുസ്തകം
അറിവിന്റെ ഉറവിടമാണ് പുസ്തകം
അറിവാണ് പുസ്തകം
അറിവിൻെറ അമ്മയാണ് പുസ്തകം
പുസ്തകം എന്നും എൻെറ പ്രിയ ചങ്ങാതി
പുസ്തകം തന്നെ എൻെറ ചങ്ങാതി

**ദിജിൻ എഫ്. എസ്.**

KAVITHA KAVITHA



Little KITEs

# കുസൃതി ചോദ്യങ്ങൾ

1. തൂവലിനേക്കാൾ ഭാരക്കുറവാണെങ്കിലും എത്ര ശക്തനായ മനുഷ്യനു പോലും 5 മിനിട്ടിൽ കൂടുതൽ പിടിച്ചു നിർത്താനാവാത്ത വസ്തുവേത്?

   ഉത്തരം: ശ്വാസം

2. എന്നും ഉപ്പിലിടുന്ന വസ്തു ?

   **ഉത്തരം:** കൈ / സ്പൂൺ

3. ഏറ്റവും കൂടതൽ തലയുള്ള ജീവി ?

   **ഉത്തരം:** രാവണൻ

4. നിയന്ത്രിക്കാൻ പാപ്പാൻ വേണ്ടാത്ത ആന ?

   **ഉത്തരം:** കുഴിയാന

5. സ്വപ്നം കാണുന്ന നാവ്?

   **ഉത്തരം:** കിനാവ്

6. ഏറ്റവും കൂടതൽ പല്ലുകളുള്ള ജീവി ?

   **ഉത്തരം:** രാവണൻ

7. മഴ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ കൂടതലായി കാണുന്നതെന്ത്?

   **ഉത്തരം:** കുട

8. ഏതു മന്ദബുദ്ധിക്കും ഉണ്ടാകുന്ന ആശയം ഏത്?

   **ഉത്തരം:** ആമാശയം

9. എല്ലാവരെയും ഭയപ്പെടുത്തുന്ന മരുന്നു ഏത് ?

   **ഉത്തരം:** വെടി മരുന്ന്

10. ഒരിക്കലും മാങ്ങയുണ്ടാകാത്ത മാവ്?

    **ഉത്തരം:** ഉപ്പു മാവ്

**നിതീഷ് ആന്റണി**

## എന്റെ വിദ്യാലയം

അറിവ് പകർന്നു നൽകിടുന്ന എന്റെ വിദ്യാലയം
കൂട്ടുകാരെ സമ്മാനിച്ച
എന്റെ വിദ്യാലയം
നൻമ പറഞ്ഞു തന്നിടുന്ന
എന്റെ അധ്യാപകർ
എന്റെ വിദ്യാലയം

**ആദിത് എ.**

# വസന്ത കാലം കൊഴിഞ്ഞ്

ഇലകൊഴിഞ്ഞൊരു ചില്ലയിലെന്തിനു
വന്നു നീയെന്നോമൽക്കിളി
എന്നിലെ വസന്തം പോയതറിഞ്ഞില്ലലോ
മോഹമാമിലകൾ കൊഴിഞ്ഞതറിഞ്ഞില്ലയോ
ഇത്ര നാളെങ്ങു പോയിരുന്നെൻ കിളി
വസന്തമാം സുഖം തേടിയലഞ്ഞുവോ നീ
നിൻകിളി കൊഞ്ചലും. നിൻ തൂവൽ സ്പർശവും
കാത്തിരുന്ന നാളുകളെത്രയോ ................................
ഇന്നു നീയെന്നിൽ പാടുവാനാണെങ്കിലും
നിനക്കായി നൽകുവാനെൻ കൈകളാം ചില്ലയിൽ
തളിരില്ല. മലരില്ല, മധുവില്ലാകായില്ല
കനിയില്ലയെന്നോമൽ കിളി .........
നിന്നോർമ്മകൾ വീണടിയുമെൻ ഹൃദയം
നിറഞ്ഞു തുളുമ്പുമാ സ്നേഹം നിനക്കു നൽകി
കടലോളം സ്നേഹം നൽകിടാൻ കഴിയാത്തതിൽ
ശോകമെനി ക്കേറെയുണ്ടെൻ ഓമൽക്കിളി ......................
എൻ മരണമണി മുഴങ്ങുന്നരികിലായ്
ചിതയൊരുങ്ങുന്നു മോക്ഷ മന്ത്രങ്ങൾ മുഴങ്ങുന്നു
ഞാനുമെൻ മോഹസ്വപ്നങ്ങളും

ഒരു പിടി ചാരമായ് മാറുവാൻ നേരമായ് ......... !!!!

**റാണി ടീച്ചർ**

# പാവക്കുട്ടി



മിണ്ടില്ല എന്റെ പാവക്കുട്ടി
നടക്കില്ല എന്റെ പാവക്കുട്ടി
നമ്മൾ തന്നെ നടത്തണം
നമ്മൾ തന്നെ ഇരുത്തണം
ഒന്നും ചെയ്യാതെ നോക്കിയിരിക്കും
എൻെറ സ്വന്തം പാവക്കുട്ടി
ചിരിക്കില്ല എന്റെ പാവക്കുട്ടി
കരയില്ല എന്റെ പാവക്കുട്ടി
തലമുടി കെട്ടി കൊടുക്കണം
പൊട്ടു തൊട്ടു കൊടുക്കണം
ഒന്നും ചെയ്യാതെ നോക്കിയിരിക്കും
എന്റെ സ്വന്തം പാവക്കുട്ടി



**വിജിന**




# പുള്ളിമാനും മാൻകുട്ടിയും



ഒരിടത്ത് ഒരു പുള്ളിമാനും മാൻകുട്ടിയും പാർത്തിരുന്നു. അവർ പാവം മൃഗങ്ങളായിരുന്നു. അവർ പാർത്തിരുന്ന കാട്ടിൽ ഒരു സിംഹമുണ്ടായിരുന്നു. ആ സിംഹം അവിടത്തെ രാജാവായിരുന്നു. ഓരോ ദിവസവും ഓരോ മൃഗങ്ങളെ കഴിക്കുന്നതാണ് അവന്റെ പ്രധാന ജോലി. അങ്ങനെയിരിക്കെ ഒരു ദിവസം സിംഹം പറഞ്ഞു. ഇന്ന് നിങ്ങളെയാണ് ഞാൻ കഴിക്കാൻ പോകുന്നത്. ആ ദിവസം പുള്ളിമാനിനും മാൻകുട്ടിക്കും സങ്കടമായിരുന്നു. പുള്ളിമാനിന്റെ ഊഴം എത്തിയപ്പോൾ പുള്ളിമാൻ സങ്കടത്തോടെ പറഞ്ഞു. മോളേ നീ സുരക്ഷിതയായിരിക്കണം. പുള്ളിമാൻ സിംഹത്തോട് പറഞ്ഞു. ദയവ് ചെയ്ത് എന്നെ ഭക്ഷിക്കരുത്. നിങ്ങൾക്ക് ഒരു മകളുണ്ടെങ്കിൽ ആ മകളെ ആരെങ്കിലും ഭക്ഷിച്ചാൽ നിങ്ങൾ സങ്കടപ്പെടുമല്ലോ .... ഭക്ഷണം വേണമെങ്കിൽ കാട്ടിൽ നിന്ന് ഭക്ഷിക്കണം. അതു പോലെ തന്നെ മറ്റു മൃഗങ്ങളും പറഞ്ഞു. സിംഹത്തിന് കാര്യം മനസ്സിലായി. സിംഹം പറഞ്ഞു. "സോറി, നിങ്ങൾക്ക് പോകാം. ഇക്കാര്യം പറഞ്ഞു തന്നതിന് നന്ദി എനിക്ക് നിങ്ങളോട് അത്രമേൽ കടപ്പാടുണ്ട്". അന്ന് മുതൽ സിംഹം അധ്വാനിച്ച് ജീവിക്കാൻ തുടങ്ങി. അതിനു ശേഷം സിംഹം ആരെയും ഭക്ഷിച്ചില്ല. അതു കൊണ്ട് പുള്ളിമാനും മാൻ കുട്ടിയും രക്ഷപ്പെട്ടു.

**ജാനു**

# Milestones in communication

- Newspaper: It is one of the most popular media of mass communication. It also called 'daily'.
- Radio: It was introduced to the world by a scientist named Marconi. It spread information across the world very quickly.
- Telephone: It is introduced to the world by the great scientist Alexander Graham Bell 'Mr. Watson, come here….. I need your help". This is the first voice.
- Telegraph: It is out of use today. But for a long time people depend on it to send information quickly. The name came from two Greek words tele which means distant and graph which means writing.
- Television: Its name got from the Greek word tele and latin word vision. Today it is the member of our family.
- Computer: It gives us audio, texts, images, videos and all such informa tion on demand. It also store information and give it again us we require.
- Fax: It can send the true copy of any messages which may include images, and texts, to any part of the world immediately.
- Mobile Phone: It can all the services we require which include playing video games, taking photographs, exchanging messages etc.
- Walkie Talkie: It always alert to maintain law and order and national security.
- Internet: It can enable people in distant places see each other while talking and also video conferencing. So the best way to describe me is 'knowledge at fingertips'.

**Marie Mariya Raj**

## Make me happy always

Oh! My little parrot,
You make me happy always
By speaking sweet words
Oh! My pretty duck
You make me happy always
By swimming in the pond
Oh! My little peacock
You make me happy always
By dancing after rain
Oh! My little nightingale
You make me happy always
By singing every night.

**Jenson**

# The Lion and the Mouse

Once, when a lion – the king of the jungle was asleep, a little mouse began running up and down on him. Soon the lion got awake, who placed his huge paw on the mouse and opened his big jaws to swallow the mouse.
"Pardon, oh king!" cried the little mouse, "forgive me this time. I shall never repeat it and I shall never forget your kindness and who knows I may be able to do you a good thing one of these days!".
The lion was so ticked by the idea of the mouse, being able to help him that he lifted his paw and let him go….
Sometime later, a few hunters captured the lion and tied him to a tree. After that they went in search of a wagon to take him to the zoo.
Just then the little mouse happened to pass on by. Seeing the lions plight, he ran upto him and gnawed away the ropes that bound him, the king of the jungle.
"Was I not right?" asked the little mouse, happy and proud on helping the lion.
Moral: Small acts of kindness will be rewarded greatly.

**Flinto Franklin**

# The Peacock

The peacock, is the most beautiful bird
It our national bird
It has multi – coloured wings
It has a beautiful crown of
Feathers on the head
It has a long tail with
Numerous feathers
When it sees clouds in rainy
Season it dances.
It is a big and heavy bird
It can not fly very high
It is a social bird and flies in mayor vihar
It is killed by some cruel hunters
The peacock eats worms and protects our crops
It is a very charming bird.

**Sujith E.**

# ENGLISH: OUR FOSTER MOTHER

English has its unique importance in our country. It has played a crucial role in building modern India. At present, it is one of the international languages for communication. The study of English in this age of globalisation in essential. It serves as a door to the world. English is also a connecting link among various states of India. So we can't deal with English just as a foreign language. The entire spectrum of education and philosophy, science and technology can be better understood through this language.

The common practice all over the world in this age is to learn English language to facilitate easy understanding of political, social, cultural and religious issues. With the help of this language. We can keep in touch with the most progressive ideas and current events. English has evolved to be a language of the common people of this age. We cannot keep our eyes closed to this language in this period of globalisation. So we should continue the study of English language along with other regional languages.

English language is widely used in official comunications. We have to use English in our day to day works.

The importance of English in Education and student's life cannot be denied. A large number of books for students are written in this language. If we deny English today it will affect the education system in India. Students who want to go abroad for education will have to learn english well. If there command over English is poor they may face difficulty in adjusting with the new environment.

The communication of India with other countries takes place in English language. For a developing country like India it is essential to be in constant interaction with other countries. so we cannot renounce this English language.

It is no doubt that, there are some absolute advanced of regional language over English. But inspite of that there is need and importance of English in our life.

**Teacher**



# Good Habits

- Early to bed and early to rise
- Brush your teeth twice every day
- Wash your hands after and before meal
- Do not sit too close while watching television
- Love your parents
- Never speak loudly on phone do not scribble on the wall
- It is not polite to talk with your mouth full
- Never push when you are in a queue
- Reach school on time
- Start eating only when your host tells you to eat
- Always go to school on time
- Always cross the road through zebra crossing
- Do not get down from a moving bus
- Learn to take care of public property
- Honesty is the best policy always speak the truth
- Do not pester mummy and daddy buy you things (toys)

**Akshaya B.**

# Three Tortoises



One day, three tortoises went for a picnic near a pond. They put down the basket of food they had brought at the shore, and went inside the pond to enjoy a bath.

When they returned, they found a fox eating their food. On being asked, the fox replied, anything lying on the ground is public property. So the basket, and the food were also public property and hence I ate the food.

Then the fox went to take rest. While he was asleep, the tortoise came and cut off his tail. The fox screamed at them. One tortoise replied "Your tails was lying on the ground. It was public property. So we cut it off".

This way the fox was taught a lesson.

**Abhin Muthappan**

# My Class Room



I am studying in std III B. There are twenty students in my class. I like my class room very much. It has a black board. The class room is decorated with charts. It has a big cupboard. There are three windows. It has two tube – lights. Our class room is well ventilated and airy. It's roof is concreted. It is our duty to keep the class room neat and clean. We take turns to keep the class room clean. I am proud of my class room.

**Jithin R**

# चूहे और छमंडी बिल्ली



कुछ साल पहले एक देश में दस चूहे और पाँच बिल्लियां रहते थे । सभी दिन वे सब खान की तालाश में इधर - उधर चलने थे । घमंडी बिल्लियों खाने की तलाश अलग अलग करते थे । कभी कभी वे आपस में झगडा भी करते थे । एक दिन सभी चूहे एक साथ खडे कर एक बिल्लि को पकडा और उसे मारा । यह देखकर बिल्लियों डर गये । इस धटना के बाद वे एक साथ रहने की निश्चय किया ।

"घमंडी लोग हमेशा विपात्ती में पडेगा ।"

Nasia

## महत्वपूर्ण वचन

हर रात जब मैं सोने जाता हूँ मैं मर जाता हूँ और अगली सुबह जब मैं उठता हूँ मेरा पुनजन्मि होता है ।



महात्मा गाँधी

सत्य को हजार तरीकों से बताया जा सकता है फिर भी एक सत्य ही होगा ।



स्वामी विवेकानन्द

जब हमारे सिग्नेचर ऑटोग्राफ में बदल जाए तो यह सफलता की निरानी है ।



रवीन्द्रनाथ ठाकूर



खूबसूरत लोग हमेरा अच्छ नहीं होते
अच्छे लोग हमेरा खूबसूरत होते हैं ।



मदर तेरेसा

Angel

# ശാസ്ത്ര കൗതുകങ്ങൾ

1. **ത്രീ പിൻ പ്ലഗുകളിൽ ഒരു പിൻ മാത്രം അൽപം നീണ്ടിരിക്കുന്നത് എന്തു കൊണ്ട്?**

വൈദ്യുതി ഉപയോഗിക്കുമ്പോൾ കൂടുതൽ സുരക്ഷ ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണിത്. ത്രീ പിൻ പ്ലഗുകളിലെ നീളമുള്ള മൂന്നാമത്തെ പിൻ ഉപകരണത്തെ എർത്തു കമ്പിയുമായി ബന്ധിപ്പിക്കുവാനുള്ളതാണ്. പിന്നിന് നീളമു ള്ളതുകൊണ്ട് പ്ലഗിടുമ്പോൾ ആദ്യം ബന്ധം സ്ഥാപിക്കുന്നത് എർത്താണ് നമുക്ക് ഷോക്ക് നൽകാവുന്നതരം ലീക്കുള്ളതാണ് ഉപകരണമെങ്കിൽ ഉടൻ തന്നെ കറന്റ് ശക്തിയായി ഭൂമിയിലേക്ക് ഒഴുകി ഫ്യൂസുരുകാൻ സഹായിക്കുന്നു. ഇതു വഴി ഉപകരണത്തിനും ഉപയോഗിക്കുന്നയാൾക്കും സുരക്ഷ നൽകുന്നു.

2. **ഉറുമ്പുകൾ വരിവരിയായി പോകുന്നതതെന്തു കൊണ്ട്?**

ഉറുമ്പുകൾ ഫേറോമോൺ എന്ന ഒരു തരം രാസവസ്തുകൾ സ്രവിപ്പിക്കാറുണ്ട്. ഈ രാസ വസ്തുക്കൾ തേച്ച് വരച്ചിട്ട രേഖയിലൂടെ മാത്രം നീങ്ങുന്നതു കൊണ്ടണ് ഉറുമ്പുകൾ വരിവരിയായി പോകുന്നത്.

3. **വവ്വാലുകൾ തലകീഴായി തൂങ്ങിക്കിടക്കുന്നതുതെന്തു കൊണ്ട്?**

ദീർഘനേരം പറക്കാൻ കഴിവുള്ള സസ്തനിയാണ് വവ്വാലുകൾ. സ്വാഭാവികമായി പറക്കാനുള്ള അനുകൂലനങ്ങളും ഇവയ്ക്കുണ്ട്. ഇതിന്റെ പിൻ കാലുകൾ വളരെ ലോലമാണ്. ഇവയക്ക് ശരീരഭാരത്തെ താങ്ങി നിറുത്താനുള്ള കഴിവില്ലാത്തത് കൊണ്ടാണ് പിൻകാലുകളുടെ നഖങ്ങളിൽ തൂങ്ങി കിടക്കുന്നത്.

4. **ഈ അടയാളം ചോദ്യ ചിഹ്നമായതെന്തു കൊണ്ട്?**

ലാറ്റിനിൽ ഒരു വാചകത്തിന്റെ അവസാനത്തിൽ ചോദ്യത്തെ സൂചിപ്പിക്കുവാനായി (Questio) ക്വസ്റ്റിയോ എന്നെഴുതുമായിരുന്നു. അച്ചടി കണ്ടു പിടിക്കുന്നതിനു മുമ്പ് പുസ്തകങ്ങൾ കൈകൊണ്ട് പകർത്തി എഴുതുന്നവർ ചുരുക്കെഴുത്തായി QO എന്നാക്കി. പിന്നീട് അത്ലോപിച്ച്? ചിഹ്നമായി.

5. **കിണർ വൃത്താകൃതിയിൽ കുഴിക്കുന്നതെന്തു കൊണ്ട്?**

കിണർ വൃത്താകൃതിയിലായാൽ വശങ്ങളിൽ നിന്നുള്ള മർദം കൊണ്ട് കിണർ ഇടിയുവാനുള്ള സാധ്യത കുറയും. കല്ലുകൾ കൊണ്ട് വൃത്താകൃതിയിൽ കിണർ കെട്ടിയാൽ വശങ്ങളിൽ നിന്നും മർദ്ദം വരുമ്പോൾ കല്ലുകൾ കൂടുതൽ അടുത്ത് മണ്ണയിടിയുവാനുള്ള പഴുതുകൾ അടയുന്നു. അങ്ങനെ കൂടുതൽ ഉറപ്പ് ലഭിക്കുന്നു.

(Teacher)



# തത്ത

ചുവന്ന ചുണ്ടുള്ള തത്ത
പച്ചനിറമുള്ള തത്ത
പാറി നടക്കും തത്ത
സംസാരിക്കും തത്ത
ചുവന്ന മാലയുള്ള തത്ത

Soja

# പ്രസംഗവും പ്രവൃത്തിയും



കാട്ടിൽ ഒരു പൊതുസമ്മേളനം നടന്നു. പലരും പ്രസംഗിച്ചു. പ്രസംഗകരിൽ ഒരാളായിരുന്ന മുയൽ ആവേശത്തോടെ ഇങ്ങനെ പറഞ്ഞു.
അതിക്രമങ്ങളുടെ വിളനിലമാണ് ഈ കാട്. കിട്ടിയവർക്ക് കിട്ടി. ഇല്ലാത്തവർക്കില്ല എന്നതാണ് അവസ്ഥ. ഇക്കണക്കിനു പോയാൽ നാം എവിടെ ചെന്നെത്തുമെന്ന് അറിയില്ല. എല്ലാവർക്കും ന്യായമായ വിഹിതം അനുഭവിക്കാൻ അവസരമുണ്ടാകണം എന്നാണ് എന്റെ ശകതമായ അഭിപ്രായം. അതിനു വേണ്ടി നാം പടപൊരുതുകയും വേണം.
കൊള്ളാം! പ്രസംഗം പൊടിപൊടിപ്പനായിട്ടുണ്ട്! ഒരു സിംഹം കൈയടിച്ചു പറഞ്ഞു. രോമാവൃതമായ കാലുകൾ, പക്ഷെ അതിൽ ഞങ്ങൾക്കുള്ളതു പോലെ നീണ്ട നഖങ്ങൾ ഇല്ല. വായിൽ കൂർത്ത പല്ലുകളും ഇല്ല എന്ന കുറ്റമേ പറയാനുള്ളൂ. പ്രസംഗിക്കാൻ എളുപ്പമാണ്. പ്രവൃത്തിയിൽ കൊണ്ടുവരാൻ വേറെ ചില ഗുണങ്ങൾ കൂടി വേണം.

**ഇഷിത ബിജു**

# വേർപാടിന്റെ ഓർമ്മ



ഒരു രാത്രിയിൽ അതിശക്തമായി വീശുന്ന കാറ്റിന്റെ ശബ്ദം ഉറക്കത്തെ ഉണർത്തി. കടലിന്റെ തിരയടി അതിശക്തമായി കാണപ്പെട്ടു. ആളുകൾ ഭയന്നു വിറച്ചു. എല്ലാവർക്കും സങ്കടമായി. എല്ലാ വീടുകളിലേയും പുരുഷൻമാർ കടലിനെ ആശ്രയിച്ച് മീൻ പിടിക്കാൻ പോയിരിക്കുകയാണ്. ധാരാളം പേരും ദൂരെയുള്ള സ്ഥലങ്ങളിലാണ് പോയിരിക്കുന്നത്. അന്ന് മുഴുവനും വീട്ടിൽ കരച്ചിലിൻെറ ശബ്ദമായിരുന്നു. ആരും തന്നെ ഉറങ്ങിയില്ല. പള്ളിയിൽ കാറ്റിനെക്കുറിച്ച് പറയുകയും ചെയ്തു. ആ സമയം എല്ലാ വരും ഉറക്കെ നിലവിളിച്ചു കരഞ്ഞു. എപ്പോഴാണ് തൻെറ ഭർത്താവ് വരുന്നത് എന്ന് ഓർത്ത് മനിനെ കരയിപ്പിക്കുകയാണ് സ്ത്രീകളെല്ലാവരും. ഒരാഴ്ചയായി, രണ്ടാഴ്ചയായി, ഫോൺ വിളിച്ചിട്ടും കിട്ടുന്നില്ല. ഒരു ഫോണും തിരിച്ച് വരുന്നുമില്ല. അപ്പോഴാണ് വാർത്തയിൽ കാണിക്കുന്നത് കടലിൽ തൊഴിലിനു പോയവരിൽ 2 അല്ലെങ്കിൽ 3 ആൾക്കാർ മാത്രമേ രക്ഷപ്പെട്ടുള്ളൂ. മറ്റാരെയും കാണുന്നില്ല. ആരുടെ വള്ളവും കാണുന്നില്ല. ബോട്ടിൽ പോയവരിൽ രണ്ടു ബോട്ട് മാത്രമേ തിരിച്ചുവന്നുള്ളൂ വേറെയാരെയും കാണുന്നില്ല. ചിലർ ആഹാരമില്ലാതെ ക്ഷീണിച്ച് കടലിലേക്ക് താഴ്ന്നു പോകുന്നു. എന്നൊക്കെ ഫോണുകളിൽ സന്ദേശവും എത്തിയിരിക്കുന്നു. ഗവൺമെന്റ് അയച്ച നേവിമാരെല്ലാരും വലിയ ബോട്ടുകളെടുത്ത് കടലിൽ ഇറങ്ങി. കുറച്ചു ആൾക്കാരെ മാത്രമേ ജീവനോടെ രക്ഷിക്കാൻ കഴിഞ്ഞുള്ളൂ. കൂടുതൽ പേരുടെയും മൃതുദേഹം മാത്രമേ കിട്ടിയുള്ളൂ. ചിലരുടെ മുഖമെന്നും തിരിച്ചറിയാൻ പറ്റാതെ അഴുകിയ അവസ്ഥയിലാണ് കിട്ടിയത്. കിട്ടിയ മൃതദേഹങ്ങൾ ആരുടെയെന്ന് കണ്ടെത്തി അവരുടെ വീട്ടിൽ കൊടുക്കുകയും ചെയ്തു. മുഖം അഴുകി ആരാണെന്ന് തിരിച്ചറിയാൻ സാധിക്കാത്തവരുടെ വസ്ത്രവും പിന്നെ ഏതു കുടുംബമാണോ എന്നത് അവരുടെ ഡി.എൻ.എ. സാമ്പിളും എടുത്തു ചേർച്ചയുണ്ടെങ്കിൽ കൊടുക്കുകയും ചെയ്തു. ആ ദിവസം വളരെ സങ്കടമുള്ള ദിവസമായിരുന്നു എന്ന് എല്ലാവർക്കും അറിയാം. എല്ലാവരും കൂടുതൽ സന്തോഷിക്കുന്നത് ഡിസംബർ മാസത്തിലാണ് കാരണം ഈ മാസത്തിലാണ് ക്രിസ്തുമസ് വരുന്നതും കൂട്ടുകാരുമായി സമ്മാനം കൈ മാറുന്നതും ഇപ്പോൾ ആ മാസത്തിൽ തന്നെ അവരുടെ കുടുംബത്തിൽ തന്നെ അവരുടെ കുടുംബത്തിൽ നിന്ന് ഒത്തിരി ആൾക്കാരെ കടലിനു സമർപ്പിക്കപ്പെട്ടത് വളരെ സങ്കടകരമായ അവസ്ഥയാണ്.

**ആഷാദാസ്**



# കഠിനാധ്വാനത്തിന്റെ ഫലം



സുന്ദരമായ ഒരു ഗ്രാമത്തിൽ അമ്മു എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൾക്ക് അച്ഛനില്ലായിരുന്നു. അവളുടെ അമ്മ അവളെ കൂലിപണി ചെയ്താണ് വളർത്തിയത്.

ഒന്നാം ക്ലാ് മുതൽ 4–ാം ക്ലാസ്സ് വരെ അമ്മു നന്നായി പഠിക്കുമായിരുന്നു. അപ്പോൾ അവളുടെ കുഞ്ഞു മനസ്സിലെ ആഗ്രഹം കളക്ടറാകണമെന്നായിരുന്നു. അത് അമ്മു കൂട്ടുകാരോട് എപ്പോഴും പറയുമായിരുന്നു. അഞ്ചാം ക്ലാസിൽ എത്തിയപ്പോൾ അവൾ പഠനത്തിൽ പിന്നാക്കം പോയി. ഇതു കണ്ട അമ്മുവിന്റെ കൂട്ടുകാർ അവളെ കളി യാക്കാൻ തുടങ്ങി. അതോടൊപ്പം തന്നെ അവളെ സ്നേഹിച്ച വരും വഴക്കുപറഞ്ഞു. അതിനു ശേഷം അവൾ ആത്മാർത്ഥതയോടെ പഠിച്ചു. 10–ാം ക്ലാസ്സിൽ ഉന്നത വിജയം കൈവരിച്ചു. തുടർന്ന് ക്ലാസ്സുകളിൽ അവളെ പഠിപ്പിക്കുവാൻ അമ്മയുടെ കൈയിൽ കാശില്ലാത്തതിനാൽ ദുഃഖിച്ചിരിക്കുമ്പോൾ ഒരു അപരിചിതൻ വന്നു പറഞ്ഞു നിങ്ങൾ അമ്മുവിനെ പഠിപ്പിക്കണം അവളുടെ പഠനച്ചെലവ് ഞാൻ നോക്കിക്കൊള്ളാം. അങ്ങനെ അമ്മു തുടർന്നു പഠിച്ചു. അവിടെയും അമ്മു നല്ല വിജയം നേടി. ഒടുവിൽ അമ്മുവിന്റെ ആഗ്രഹം നിറവേറി. അവൾ കളക്ടറായി തീർന്നു. അവൾ പഠിച്ച സ്കൂളിനും അവളെ പഠിപ്പിച്ച അദ്ധ്യാപകർക്കും അവളെ കളിയാക്കിയ കൂട്ടുകാർക്കും മുമ്പിലും അമ്മു അഭി മാനിയായി തീർന്നു.

**ഗുണപാഠം:** ആത്മാർത്ഥയോടെ പഠിച്ചാൽ വിജയിക്കാം.

**ആഷ്‌ലി എസ്**

# ലഹരിയിൽ നിന്ന് നമ്മുടെ കുഞ്ഞുങ്ങളെ വിമുക്തരാക്കാം

വ്യക്തിത്വത്തിന്റെ സമഗ്രത. ആ സമഗ്രതയിൽ വന്നിട്ടുള്ള പോരായ്മകൾ ജീവിതത്തിന്റെ ഏതെല്ലാം മേഖലകളിൽ എന്നു മനസ്സിലാക്കി വേണം ആസക്തി ചികിത്സ. മദ്യത്തിനും മയക്കു മരുന്ന് ആശ്രയത്തിനും മൂലകാരണമായി പലതും ഉണ്ടാകാം. അവയെ മറച്ചുവയ്ക്കാനുള്ള മുഖംമൂടിയാവാം ലഹരി ഉപയോഗം. അവയിൽ പലതും വ്യക്തിത്വത്തിലെ വൈകല്യങ്ങൾ ആകും. മനഃശാസ്ത്ര സമീപനത്തിൽ ഇത്തരം മൗലിക കാരണങ്ങൾ കണ്ടെത്തി കൈകാര്യം ചെയ്യുന്നു. അതിലൂടെ മദ്യത്തിലുള്ള ആശ്രയം മാറ്റി സ്വന്തമായ ജീവിതശൈലി സ്വീകരിക്കുവാൻ വ്യക്തിക്ക് പ്രാപ്തിയുണ്ടാകുന്നു. പ്രശ്നങ്ങൾ കണ്ടെത്തുക, അവയെ കൈകാര്യം ചെയ്യുക, വ്യക്തിത്വം പുനഃസ്ഥാപിക്കുവാൻ സഹായിക്കുക എന്നിവ മുഖ്യമായും കൗൺസിലിംഗുകൾ വഴി സാധ്യമാക്കി എടുക്കുവാൻ കഴിയും.

ഒരാൾ പെട്ടന്നല്ല മദ്യത്തിന് അല്ലെങ്കിൽ മയക്കുമരുന്നിന് അടിമയാകുന്നത്. മാനസിക പ്രശ്നങ്ങളും വ്യക്തിത്വ വൈകല്യങ്ങളും മറക്കുവാനോ, അവയിൽ നിന്നും ഒളിക്കുവാനോ, വേണ്ടി അല്പാല്പം ലഹരി ഉപയോഗിച്ചു തുടങ്ങും. തന്റേടത്തോടെ അവയെ ഉപേക്ഷിക്കുവാനുള്ള ഉൾക്കരുത്തും കഴിവും ഇല്ലാത്തവർക്കും കൗൺസിലിംഗിലൂടെ മെച്ചപ്പെട്ട ജീവിതരീതി വളർത്തിയെടുത്ത് മദ്യാസക്തിയോട് വിട പറയുവാൻ കഴിയും.

നമ്മെ സ്നേഹിക്കുന്ന, നാം ഓമനിക്കുന്ന പിഞ്ചോമനകൾക്ക് ഏറെ ഇഷ്ടം സുബോധവാനായിട്ടുള്ള പിതാവിനെയാണ്. അവരുടെ നിഷ്ക്കളങ്ക സ്നേഹത്തിന് നമുക്ക് നല്കുവാൻ കഴിയുന്നത് സ്നേഹവും ആരോഗ്യകരമായ മനസ്സുമാണ്. അതിന് മദ്യവും മയക്കുമരുന്നും പുകവലിയും എന്നെന്നേക്കും ആയി മാറ്റിനിർത്തിയേ മതിയാകൂ. അതിലേക്കായി നമുക്ക് ഒരുമിച്ച് കൈകോർക്കാം.

**ലില്ലി ടീച്ചർ**

# ചൂടും പോയി തണുപ്പും പോയി



മരമണ്ടനാണ് കോമപ്പൻ. ഒരു ദിവസം കോമപ്പൻ നഗരത്തിൽ പോയി. ആദ്യം കണ്ട കടയിൽ കയറി വലിയ ഒരു പാത്രം നോക്കി കോമപ്പൻ കടക്കാരനോട് ചോദിച്ചു. "ഇതെന്തു പാത്രമാ?" കടക്കാരൻ പറഞ്ഞു: ഇതാണ് ഫ്ളാസ്ക്. ചൂടുള്ള ഭക്ഷണം ഇതിൽ അടച്ചു വച്ചാൽ കുറേ നേരം ചൂട് പോകാതിരിക്കും. തണുപ്പുള്ള സാധനമാണ് വയ്ക്കുന്നതെങ്കിൽ കുറേ നേരം തണുപ്പും പോകാതിരിക്കും. കോമപ്പൻ വേഗം അത് വിലകൊടുത്തു മേടിച്ചു. പിറ്റേന്ന് ഫ്ലാസ്ക്കെടുത്ത് കോമപ്പൻ ആ കടയിലെത്തി പറഞ്ഞു. "ഹും! ഇതിൽ ചൂടും നിൽക്കില്ല തണുപ്പും നിൽക്കില്ല". കടക്കാരൻ ചോദിച്ചു: അതിരിക്കട്ടെ. എന്താ ഇതിൽ നിറച്ചത്? കോമപ്പൻ പറഞ്ഞു: ചൂടുള്ള പാലും ഐസ്ക്രീമും ഇതിൽ വച്ചു. പാലിന്റെ ചൂടും പോയി ഐസ്ക്രീമിന്റെ തണുപ്പും പോയി".

**ആരോമൽ കൃഷ്ണ**



# Good Manners



- Do not open and read other's mail
- Do not disturb others while they are sleep
- Keep your surroundings clean
- Do not interrupt when two people are talking
- Keep table manners
- Remember to put your things away after using them
- Help mummy and daddy with the house work
- Do your home work regularly
- Finish your home work before you go out to play
- Listen in your teacher

Kessiya Baiju

# ഹൃദയതാളം

പുതിയ ഒരു പുലരിവരുമൊരുനാളിലിവിടെ
പുതിയ ഒരു നേരിന്റെ തിരിതെളിയും
പുതുവഴികൾ തേടുന്ന ഇന്നിന്റെ യവ്വനം
പുണ്യവും പാപവും നേരറിയും
ഇന്നിൻ വെളിച്ചം ഇന്നലെകൾ തെളിയിച്ച
നിറവിൻ നിലാവിന്റെ ബാക്കിപത്രം
ഏൽകും നമുക്കതിൻ പൊരുളുകൾ പെരുമകൾ
നാളെയുടെ നീളേയ്ക്കായ് ബാക്കിവയ്ക്കാം
ദാഹനീർ തേടിതയ്ക്കും നിളയുടെ
ഉമിനീരു പോലും വിലയ്ക്കുവാങ്ങി
വേരറ്റു വേർപ്പറ്റു മാമലക്കാടുകൾ
കുളിരറ്റ കാറ്റിനോ നീപ്പരപ്പ്
പുമുല്ല മണമുള്ള പടവുകൾ മാഞ്ഞുപോയ്
ഇവിടില്ല പൂത്തുമ്പി പൂത്തിലഞ്ഞി
പുഞ്ചിരി മാഞ്ഞു പോയ് പൂനിലാചിരി പോലും
കാളകൂടത്തിനുറവകളായ്
യൗവനത്തുടിപ്പിന്റെ നീർപ്പോളകൾത്തീർത്ത
ഉറവ വറ്റാത്ത നൊമ്പരം ബാക്കിയായി
സ്വപ്എങ്ങൾ കാണത്തെ ജീവിത -
മിരുളിലെ സ്വപ്നാടനത്തിന്റെ വഴിയൊരുക്കി
ഉയർന്നെഴുന്നേൽക്കുക നിങ്ങളീകണ്ണിന്റെ
കാണാത്ത കാഴ്ച്ചകൾ തേടീടുക
പുതിയൊരു തീരമടുക്കുക നാടിന്റെ
ഹൃദയ താളങ്ങൾ കടം കൊള്ളുക
വേണ്ട നമുക്കിനു മാതൃ വലാപങ്ങൾ
വിങ്ങലായ്ത്തീരുന്ന സൗമ്യയും ജ്യോതിയും
വളയിട്ട കൈകൾക്ക് വിലപേശലില്ലാത്ത

സോദര സ്നേഹമായ് കൂട്ടിരിക്കാം

**ആശാ റാണി ടീച്ചർ**

# കുഞ്ഞനും ജിങ്കനും

കുഞ്ഞൻ മുയലും ജിങ്കൻ മുയലും ചങ്ങാതിമാരായിരുന്നു. രണ്ടു പേരും വലിയ കൊതിയന്മാരായിരുന്നു. ഒരു ദിവസം കുഞ്ഞനും ജിങ്കനും കാട്ടിലൂടെ നടന്നു. വഴിയിൽ കിടന്ന് അവർക്കൊരു പഴം കിട്ടി. നമുക്ക് ഇതു പങ്കിട്ടെടുക്കാം കുഞ്ഞൻ പറഞ്ഞു. ഊം ..... എങ്കിലെനിക്ക് വലിയ കഷണം തരണം. ജിങ്കൻ പറഞ്ഞു അവർ തമ്മിൽ തർക്കമായി. അപ്പോഴാണ് സൂത്രൻ കുരങ്ങൻ അതിലേ വന്നത്. സൂത്രൻ പഴം പങ്കിട്ടുകൊടുക്കാം. എന്നു പറഞ്ഞ് അവരിൽ നിന്ന് പഴം വാങ്ങി. പഴത്തൊലി മാത്രം കൊടുത്തു. കുരങ്ങൻ പഴം കഴിച്ചു കൊണ്ട് മരത്തിൽ കയറി കുഞ്ഞൻ മുയലും ജിങ്കൻ മുയലും നാണിച്ച് മടങ്ങിപോയി.

**ദിവ്യ**

# വിദ്യാലയ മുത്തശ്ശി

ശതോത്തരജൂബിലിതന്നാഘോഷ നിറവിൽ
വിദ്യാലയ മുത്തശ്ശിക്കോർക്കുവാനേറെ
എത്രയോപേർക്കു നീ വിജ്ഞാനദീപ്തിയായ്
അഭിമാനസ്തംഭമായ് നിലകൊണ്ടുതേ
എത്രയെത്ര ഇണക്കങ്ങൾ പിണക്കങ്ങൾ
ഉയർച്ചകൾ താഴ്ചകൾ സന്തോഷ ദുഃഖങ്ങൾ
കളികൾ ചിരികൾ നൽ സൗഹൃദ സുഗന്ധങ്ങൾ
സ്നേഹത്തിൻ സുകൃതങ്ങൾ ആവോളം കണ്ടു നീ
ഓലമേഞ്ഞ ചെറുകൂരകൾ പിന്നെ
ഓടായി ഷീറ്റായി മണിമാളികകളായി
അപ്പോഴും നിനക്കു പകർന്നു നൽകാനുള്ള
തറിവിൻെറ നന്മകൾ മാത്രമല്ലോ
നിൻെറ ഉദ്യാനത്തിലെ മധുനുകർന്ന്
ഉയരങ്ങളിലെത്തിയവരനേകായിരം
നിൻ പരിലാളനയേറ്റു മഹത്തുക്കളായ്
മനുഷ്യത്വമുള്ളവരായ് മാറിയവരേറെ
ഭാവിവാഗ്ദാനങ്ങളാമേറെ കുഞ്ഞുങ്ങൾ
നിൻമടിത്തട്ടിലിരിലിയുമണയട്ടെ
നിൻെറ അമൂല്യമാം സന്നതന്യം നുകരട്ടെ
നിൻ കീർത്തി വാനോളമുയർന്നതിടട്ടെ

**സജി കെ.എം ടീച്ചർ**

;

# ജലം ജീവാമൃതം



ജലം ഇല്ലാതെ ആർക്കും ഈ ഭൂമിയിൽ
ജീവിക്കാൻ കഴിയില്ല.
ജലമുള്ളപ്പോൾ പാഴാക്കുന്നു.
ജലമില്ലാതാകുമ്പോൾ
മനുഷ്യർ കുടവുമായി
അങ്ങും ഇങ്ങും ഓടുന്നു
ജലം പാഴാക്കരുതേ
ആവശ്യത്തിലധികം ജലം
ഉപയോഗിക്കുമ്പോൾ ഓർക്കണം
അത് അമൂല്യമാണെന്ന്
ജനിക്കുന്ന കുഞ്ഞിനു ജലം വേണം
മരിച്ചനന്തരവും മനുഷ്യന് ജലം വണം
പാഴാക്കരുതേ പാഴാക്കരുതേ
ഭാഹ ജലം
പാഴാക്കരുതേ പാഴാക്കരുതേ
ജീവ ജലം

**ആഷ്‌ലി എസ്.**

# സൗഹൃദം


ആയിരം നാളുകൾ കാത്തിരുന്നു
എനിക്കൊരു ചങ്ങാതി വേണമെന്ന്
അങ്ങനെകിട്ടി എനിക്കൊരു ചങ്ങാതി
എൻെറ സ്വന്തം കൂട്ടുകാരി
സ്വർണ്ണമണിമുത്തുകൾ കോർത്തിണക്കിയ
പോൽ ഒന്നായിരുന്നു ഞങ്ങൾ
എന്നും പിരിയാത്ത കൂട്ടുകെട്ടായ്
ഞങ്ങൾ മാറിയിരുന്നുവല്ലോ
എൻെറ മനിലെ സൗഹൃദം അവൾക്കു
നൽകിയിരുന്നു ഞാൻ അന്ന്
എൻെറ വേദനകൾ അവളെ ഒരു പാടു
വേദനിപ്പിച്ചുവല്ലോ വേദനിപ്പിച്ചുവല്ലോ
എൻെറ നോവും നൊമ്പരവും പങ്കുവച്ച്
ഞങ്ങൾ ഒരുമയോടെ ജിവിച്ചുവല്ലോ
എൻെറ മുറിവുകൾക്ക് എന്നും മരുന്നായ്
അവൾ കൂടെയിരുന്നു
എന്നും പിരിയാത്ത കൂട്ടുകെട്ടായ്
ഞങ്ങൾ മാറിയിരുന്നുവല്ലോ
എൻെറ മുറിവുകൾക്കെന്നും മരുന്നായ്
അവൾ കൂടെയിരുന്നു



**ഷിജു ടീച്ചർ**



COMPUTER LAB


ST.THOMAS HIGHER SECONDARY SCHOOL
POONTHURA, THIRUVANANTHAPURAM
GO-ALL
a short film by IX.C students



# Rose Mary Joseph

**UPSA**

**St. Thomas HS, Poonthura**

*For the dedication and hardwork*
*you deserve the best retirement ever.*
*Enjoy this new journey*
*for your life.*



# Cleetus Damian

**Clerk**

**St. Thomas HS, Poonthura**

*For the dedication and hardwork*
*you deserve the best retirement ever.*
*Enjoy this new journey*
*for your life.*





ST. THOMAS HR. SEC. SCHOOL
POONTHURA, TRIVANDRUM



little KITEs






little
KITEs


ST. THOMAS HR. SEC. SCHOOL
POONTHURA, TRIVANDRUM
little
KITEs